കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2- സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.1533 /15/തസ്വഭവ. തിരുവനന്തപുരം,തീയതി:20/05/15

പരാമർശം:- 1) ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 25/08/2014-ലെ സി-1-4927/2014ാം കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22/12/2014-ലെ L.F. P.T1/16942/2014-ാം നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം പട്ടികജാതിവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കുള്ള വിവാഹധനസഹായം എന്ന പദ്ധതിയനുസരിച്ച് സമയപരിധി ലംഘിച്ച് ചെലവു ചെയ്ത ചെലവിന് 30000 രൂപ(മുപ്പതിനായിരം രൂപ) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 23-08-2014 ലെ V(3)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം,ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നിർദ്ധനനായ അപേക്ഷകന്റെ അറിവില്ലായ്മമൂലമാണ് അപേക്ഷ നല്കുന്നതിന് കാലതാമസം വന്നിട്ടുള്ളത് എന്ന പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.വിവാഹത്തിയതി കഴിഞ്ഞ് മാസങ്ങൾക്കുശേഷം നല്കിയ അപേക്ഷ പ്രകാരമാണ് വിവാഹധനസഹായം അനുവദിച്ചിട്ടുള്ളത്

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് നടത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.നിർദ്ധനനായ അപേക്ഷകന്റെ അറിവില്ലായ്മമൂലമാണ് അപേക്ഷ നല്കുന്നതിന് കാലതാമസം വന്നിട്ടുള്ളത് എന്ന പഞ്ചായത്ത് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ

ഖണ്ഡിക 3-2 പ്രകാരം പട്ടികജാതിവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കുള്ള വിവാഹധനസഹായം എന്ന പദ്ധതിയനുസരിച്ച് സമയപരിധി ലംഘിച്ച് ചെലവു ചെയ്ത 30000 രൂപ(മുപ്പതിനായിരം രൂപ) രൂപക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കൊല്ലം
സെക്രട്ടറി, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ